## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1090** | **30.10.2019-ൽ മറുപടിക്ക്**

### തോട്ടം തൊഴിലാളികളുടെ കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) തോട്ടം തൊഴിലാളികൾക്ക് നിലവിൽ 328 രൂപയാണ് കൂലി ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുതുക്കി നിശ്ചയിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ, പുറപ്പെടുവിച്ച 17/05/2016-ലെ ജി.ഒ.(പി) 76/2016/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരമുള്ള അടിസ്ഥാന വേതനം, ക്ഷാമബത്ത എന്നിവയടക്കമുള്ള വേതനം തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്നുണ്ട്. വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളി യൂണിയനുകൾ നൽകിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ടി വിഷയം നിരവധി യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്തുവെങ്കിലും ധാരണയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ 27/02/2019 തീയതി തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസമായി എല്ലാ തോട്ടം തൊഴിലാളികൾക്കും നൽകുവാൻ ധാരണയായിട്ടുണ്ട്. ആയത് ഉൾപ്പെടെ തേയില തോട്ടം തൊഴിലാളികൾക്ക് നിലവിൽ 387.76 രൂപയും റബ്ബർ തോട്ടം തൊഴിലാളികൾക്ക് 467.76 രൂപയും കാപ്പി തോട്ടം തൊഴിലാളികൾക്ക് 392.76, ഏലത്തോട്ടം തൊഴിലാളികൾക്ക് 416.76 രൂപയും വേതനമായി ലഭിക്കുന്നുണ്ട്. വേതന പരിഷ്കരണം സംബന്ധിച്ച ചർച്ച പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ അന്തിമഘട്ടത്തിലാണ്. |
| (ബി) തോട്ടം തൊഴിലാളികൾക്കായി ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി ഭൂമിയുള്ളതും ഭവന രഹിതരുമായ തൊഴിലാളികൾക്ക് 4 ലക്ഷം രൂപ ചെലവിൽ 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും ഭൂരഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര |

അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്വതന്ത്ര ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യഘട്ടമായി ദേവികുളം താലൂക്കിലെ കുറ്റിയാർ വാലിയിൽ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 10 പേരെ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പുരോഗമിച്ച് വരികയാണ്.

ഭൂരഹിത തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിനു കീഴിൽ നിന്നും 5.49 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി റവന്യൂ വകുപ്പിൽ നിന്ന് കൈമാറി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.